ഉത്തരം

(എ) ഉണ്ട്.

(ബി) മുക്കം സബ്ട്രഷറി ആരംഭിക്കുന്നതിനുള്ള തീരുമാനം 2006-2007 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

അലനല്ലൂർ കേന്ദ്രമായി സബ്ട്രഷറി

24(1300) ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് താലൂക്കിലെ അലനല്ലൂർ കേന്ദ്രമായി ഒരു ട്രഷറി അനുവദിക്കാൻ സർക്കാരിന് ആലോചനയുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതനുവദിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ ഇല്ല.

(ബി) പരിശോധിക്കുന്നതാണ്.

അനധികൃത അന്യ സംസ്ഥാന ലോട്ടറി കേസ്സുകളിൽ സ്വീകരിച്ച നടപടികൾ

25(1301) ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃത അന്യസംസ്ഥാന ലോട്ടറി കേസ്സുകളിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത കേസ്സുകൾ പിൻവലിക്കുവാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണ്;

(സി) വ്യാജ ലോട്ടറി കേസ്സുകളിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതില്ലായെന്ന് ഏതെങ്കിലും കോടതികൾ അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) വ്യാജ ലോട്ടറി കേസ്സുകളിൽ നിയമാനുസരണമുള്ള നടപടികൾ തുടരാനും ഖജനാവിന് നഷ്ടമായ നികുതി തുക പിരിച്ചെടുക്കുവാനും ശക്തമായ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് വിവിധ കോടതികളിൽ നിലവിലുള്ള അനധികൃത ലോട്ടറി കേസ്സുകളിൽ സുപ്രീംകോടതിയിൽ നിലവിലുള്ള സിവിൽ അപ്പീലിന്മേൽ അന്തിമ തീരുമാനം ആകുന്നതുവരെ തുടർനടപടികൾ നിർത്തിവയ്ക്കേണ്ടതിന്റെ ആവശ്യകത ബന്ധപ്പെട്ട കോടതികളെ ധരിപ്പിക്കണമെന്ന് പോലീസ് വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

(ബി) കേസ്സുകൾ പിൻവലിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) ബഹു. സുപ്രീംകോടതിയിൽ മേഘാലയ സർക്കാരും മറ്റൊരാളും ഫയൽ ചെയ്ത കോടതിയലക്ഷ്യ കേസ്സിൽ സംസ്ഥാന സർക്കാരിനെതിരെ ശിക്ഷ ഒഴിവാക്കുന്നതിനായി കേന്ദ്ര ഭാഗ്യക്കുറി നിയന്ത്രണ നിയമം സെക്ഷൻ 4-ലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഭാഗ്യക്കുറികൾക്കെതിരെ ഫയൽ ചെയ്ത കേസുകളിലെ FIR-മേൽ തുടർ നടപടികൾ സ്വീകരിക്കില്ലെന്നും, മേലിൽ പുതിയ FIRരജിസ്റ്റർ ചെയ്യില്ലെന്നും സംസ്ഥാന സർക്കാർ സത്യവാങ്മൂലം നൽകിയിട്ടുണ്ട്. ഈ സത്യ വാങ്മൂലം അംഗീകരിച്ചുകൊണ്ട് ബഹു. സുപ്രീംകോടതി കോടതിയലക്ഷ്യ നടപടികൾ അവസാനിപ്പിക്കുകയുണ്ടായി.

(ഡി) സുപ്രീംകോടതിയിൽ നിലനിൽക്കുന്ന സിവിൽ അപ്പീലിൽ അന്തിമ തീർപ്പിന് വിധേയമായി നടപടികൾ സ്വീകരിക്കുന്നതാണ്.

ഒറ്റ നമ്പർ ലോട്ടറി നിരോധനം

26(1302) ശ്രീ. കെ. നാരായണക്കുറുപ്പ്:

ശ്രീ. തോമസ് ചാഴികാടൻ:

ശ്രീ. റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റ നമ്പർ ലോട്ടറി നിരോധനം പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) അനധികൃതമായി ഒറ്റ നമ്പർ ലോട്ടറികൾ സംസ്ഥാനത്ത് നടത്തുന്നതായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചെന്ന് അറിയിക്കാമോ;

(ഡി) വ്യാജലോട്ടറി വിൽപ്പന തടയുന്നതിനും നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും സംസ്ഥാന ഭാഗ്യക്കുറി കൂടുതൽ ആകർഷകമാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly